രാജ്യറാണി എക്സ്പ്രസ്സ്

62 (2300) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ-തിരുവനന്തപുരം റൂട്ടിൽ സർവ്വീസ് നടത്തുന്ന രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ടെയിനാക്കി മാറ്റണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ടെയിനാക്കി മാറ്റുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) രാജ്യറാണി എക്സ്പ്രസ്സ് സ്വതന്ത്ര ടെയിനാക്കി മാറ്റുന്നതിന് തടസ്സമുണ്ടെങ്കിൽ അധികമായി ഒരു എ.സി. കോച്ചും ഒരു സ്ലീപ്പർ കോച്ചും അനുവദിച്ച് കിട്ടുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം കേന്ദ്രത്തോട് നിരന്തരമായി ആവശ്യപ്പെട്ടുവരുന്നു. 2015-16 റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഇക്കാര്യം ഇതിനകം തന്നെ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ റെയിൽവേയുടെ വികസനം

63 (2301) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റെയിൽവേയുടെ വികസനം സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി 1-7-2011 മുതൽ 31-10-2014 വരെ റെയിൽവേ ബന്ധപ്പെട്ടവരുടെ എത്ര യോഗങ്ങൾ വിളിച്ചു ചേർത്തു;

(ബി) സംസ്ഥാനത്തെ റെയിൽവേ സെക്ടർ എന്തെല്ലാം പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നതായി കണ്ടെത്തി; വിശദാംശം ലഭ്യമാക്കുമോ; അവ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചത്;

(സി) സംസ്ഥാനത്തെ റെയിൽവേ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി അവസാനം റെയിൽവേ എന്നാണ് യോഗം വിളിച്ചത്; അതിൽ എത്ര പാർലമെന്റംഗങ്ങൾ പങ്കെടുത്തു; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) പാലക്കാട് റെയിൽവേ ഡിവിഷനു കീഴിലുള്ള എന്തെല്ലാം കാര്യങ്ങൾ ചർച്ച ചെയ്തു ; എന്തൊക്കെ തീരുമാനങ്ങൾ കൈക്കൊണ്ടു; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) റെയിൽവേയിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly